**25U238S** (Pages: 2) Name: ………………………

Reg. No: ……………………

**SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, APRIL 2026**

(CBCSS – UG)

**CC19UMAL2A08(2) – മലയാള സാഹിത്യപഠനം – II**

(Malayalam – Common Course)

(2019 to 2023 Admissions – Supplementary)

Time: 2.5 Hours Maximum: 80 Marks

Credit: 4

I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. (പരമാവധി 25 മാർക്ക്)

1. "എനിക്ക് മമ്മയെ മതി, പുതിയ പാവക്കുട്ടിയെ വേണ്ട", – സന്ദർഭമെന്ത്?
2. 'എന്റെ ഭാഷ' എന്ന കവിതയുടെ പ്രമേയമെന്ത്?
3. 'ദുഷ്യന്തൻ മാഷ്' എന്ന കഥ പരിചയപ്പെടുത്തുക.
4. ക്രിസ്റ്റിൻ അഹ്റോന്റെ പുഞ്ചിരി ലേഖകനിൽ ഉളവാക്കിയ അനുഭവം എന്ത്?
5. "എന്താണ് ഇത്ര പ്രധാനമായ കുടുംബകാര്യം?" – സൂചിതമെന്ത്?
6. പരശുരാമൻ മാതൃഹന്താവാകാനുള്ള കാരണമെന്ത്?
7. 'തായ്കുലം' എന്ന കഥയിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.
8. കവിയും ഭാര്യയും ആതിരയെ വരവേൽക്കുന്നത് എങ്ങനെ?
9. രാമനെ കാട്ടിലേക്കയയ്ക്കാൻ കൈകേയി പറയുന്ന കാരണങ്ങൾ എന്തെല്ലാം?
10. "ഭരിക്കുന്ന സുഖം നിനക്കും ഭരിക്കപ്പെടാത്ത സുഖം അവർക്കും ഉണ്ടാകട്ടെ"– ആശയമെന്ത്?
11. "കാലമിനിയുമുരുളും വിഷുവരും വർഷംവരും തിരുവോണംവരും" –ആശയമെന്ത്?
12. 'മഴവിന്റെ കഥ' പരാമർശിക്കുന്ന പുരാവൃത്തസൂചനയെന്ത്?
13. "കരുണാകരൻ തന്റെ കള്ള് ഷാപ്പിൽനിന്ന് ഗുരുവിന്റെ ഫോട്ടോ എടുത്ത് മാറ്റാൻ ഉണ്ടായ സാഹചര്യമെന്ത്?
14. ഗന്ധങ്ങളുടെ പ്രകൃതിയിൽനിന്ന് താൻ തീർത്തും അന്യയാക്കപ്പെട്ടിട്ടില്ല എന്ന തിരിച്ചറിവ് ശൂർപ്പണഖയ്ക്ക് ഉണ്ടായത് എപ്പോഴാണ്?
15. "കൈരളി പാടവഹീനയെന്നാർ പറയും?"–കവി ഇങ്ങനെ ചോദിക്കാൻ കാരണമെന്ത്?

**(Ceiling: 25 Marks)**

II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.അഞ്ചുമാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. (പരമാവധി 35 മാർക്ക്)

16. 'ബംഗ്ലാവ്' എന്ന കഥയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
17. 'എന്റെ ഭാഷ' എന്ന കവിതയുടെ സമകാലിക പ്രസക്തി വിലയിരുത്തുക.
18. 'സഫലമീയാത്ര' എന്ന കവിതയിൽ പ്രതിഫലിക്കുന്ന ജീവിതാനുഭവങ്ങൾ വിശകലനം ചെയ്യുക.

19. ദുഷ്യന്തന്റെ ഭരണപരിഷ്കാരങ്ങൾ എന്തെല്ലാമാണെന്നാണ് വി കെ എൻ നിരീക്ഷിക്കുന്നത്?
20. ജാതിചിന്ത ഉത്തരാധുനിക സമൂഹത്തിലും സജീവമാണ് 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന ചെറുകഥയെ മുൻനിർത്തി വിലയിരുത്തുക.
21. 'ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ' എന്ന ആത്മകഥയിലെ രാഷ്ട്രീയചിന്തകൾ വിവരിക്കുക.
22. സാകേതം എന്ന നാടകത്തിന്റെ പ്രമേയമെന്ത്? വിവരിക്കുക.
23. കഥാപാത്ര നിരൂപണം – ക്രിസ്റ്റിൻ അഹറോൻ.

**(Ceiling: 35 Marks)**

III. മൂന്നുപുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക. 10 മാർക്ക് വീതം.

24. പുരാണകഥയുടെ പുനരാവിഷ്കരണം മാത്രമല്ല മനുഷ്യവർഗ്ഗത്തിന്റെ ഇതിഹാസം തന്നെയാണ് 'സാകേതം', ചർച്ചചെയ്യുക.
25. സമകാലീന സാമൂഹ്യ സാഹചര്യത്തിൽ പരശുരാമകഥയെ ബാലാമണിയമ്മ പുനരാഖ്യാനംചെയ്യുന്നത് എങ്ങനെയെന്ന് പരിശോധിക്കുക.
26. സമകാലീന കേരളീയ സമൂഹത്തിന്റെ പ്രതിഫലനമാണ് 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' സമർത്ഥിക്കുക.
27. 'തായ്കുലം' എന്ന കഥ ഒരു പ്രതിരോധമാണ് ഉപന്യസിക്കുക.

**(2 × 10 = 35 Marks)**

*******